Talented Bankers Literary Panel
പുസ്തക പരിചയം 119.

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
ആലപ്പുഴ ശാഖ

ശൈലന്റെ കവിതകൾ
ശൈലൻ

ഒറ്റനോട്ടത്തിൽ,
ഏട്ടിലെ പശുവല്ല, അഴിച്ചുവിട്ട പശുവാണ് ശൈലന്റെ കവിതകൾ.
അനുസരണക്കേടാണതിന്റെ മെയിൻ!

ഒരു പട്ടികയിലും ചതുരക്കള്ളിയിലും പെടാതെയുള്ള വാക്കുകളുടെ
തെന്നിവഴുതിമാറൽ അഥവാ
മീൻപിടച്ചിൽ ആകുന്നു ഈ കവിതകളുടെ മുഖലക്ഷണം.

കള്ളുഭരണി (കവിത-സാംസ്കാരികം) യൂദാസിന്റെ അടുക്കള (ബഡ്ജറ്റ്)
അജ്ഞാത ജീവി-കിംവദന്തി (ഓലകളുടെ മഹാഭാഗവതം)
എന്നിങ്ങനെയുള്ള മുമ്പ് കണ്ടിട്ടില്ലാത്ത കഷണങ്ങൾ കാണാം
കവിതാക്കറിക്കൂട്ടിന്റെ ആദ്യഭാഗത്ത്.

അത് എങ്ങിനെയൊക്കെയോ ദഹിപ്പിക്കാൻ ശ്രമിച്ച് രണ്ടാം ഭാഗത്തേക്ക്
പോകുമ്പോൾ ആകട്ടെ,
നമ്മൾ ചാവുകടൽ പോലെ പൊന്തി കിടക്കുന്നു . കവിതകൾക്കു
മുകളിൽ -കവിതോപരിതലത്തിൽ !
പല കഷണങ്ങളായ വരികളെ കൂട്ടിയോജിപ്പിക്കുന്ന ഉത്തരവാദിത്വം
നമ്മുടെ തലയിലാവുന്നു..

'അകാപ്പാറീജിയ' എന്ന കവിത നോക്കൂ.

'...കപ്പ ബോട്ടി ഇവിടെ കിട്ടും
കവിതയെ വലതുവശം ചേർന്നു നടത്തുക
നഗരത്തിൽ സ്പീഡ് 20km മാത്രം...'

ബിംബ ഹോർമോണുകൾ അനാവശ്യമായി കുത്തിനിറച്ച വാക്കുകൾ...
വികലാധുനികതയുടെ abstract paintings!

ഒരു വ്യകൃതിക്കാറ്റായി ശൈലൻ ഭാഷയുടെ ഉടയാടകളെയുടനീളം

മേൽപ്പോട്ടുയർത്തുന്നു, നാണിപ്പിക്കുന്നു! ചിലപ്പോൾ
ഊരാൻ പറ്റാത്ത കുപ്പായക്കുടുക്കുകൾ അണിയിക്കുകയും ചെയ്യുന്നു.

'അവസാനത്തെ ചീവീടിനേയേയും കിടത്തിയുറക്കി
കെട്ടിയോന്റെ പാരച്യൂട്ടിൽ നിന്നും വിടുതൽ നേടി' (കവിത-
മൈഥിലി )
'ഒരുക്കത്തിന്റെ വ്യാജവാഷ് കുടിച്ചുവറ്റിച്ചു' (പൊന്നോണം) എന്നീ
വരികൾ നോക്കൂ. വാക്കുകളുടെ നുണക്കകടവിൽ
വഞ്ചിയടുപ്പിക്കുകയാണ് ശൈലൻ. ഉലയുന്ന വഞ്ചിയിൽനിന്നാകട്ടെ,
അർത്ഥങ്ങൾ തെറിച്ചു വീണു പോകുന്നു . വാക്കുകളുടെ വരിയുടഞ്ഞു
പോകുന്നു.

മേൽപ്പറഞ്ഞ അപനിർമാണം
രണ്ടാം പകുതിയുടെ അവസാനം എത്തുമ്പോഴേക്കും ഏറെക്കുറെ
അവസാനിക്കുന്നതായി കാണാം. പേജുകൾക്കിടയിൽ ഉഷ്ണക്കാറ്റു
വീശാൻ തുടങ്ങുന്നു .

'പ്രതീക്ഷാനിർഭരം'എന്ന കവിത ഒന്നാന്തരമൊരു ആക്ഷേപഹാസ്യം
ആകുന്നതും അങ്ങനെയാണ്.
'കാളവണ്ടി' എന്ന പ്രയോഗം കവിതവണ്ടി എന്ന് ആക്കിയിരുന്നെങ്കിൽ
കുറച്ചുകൂടി നന്നാക്കാമായിരുന്നു
എന്നുതോന്നി. തുടർന്ന് വരുന്നുണ്ട് വാക്കുകളെ ക്ലോൺ ചെയ്യുന്ന
ശൈലൻ മാജിക്.

ഉഴുതുമറിക്കുകലുകൾ അഥവാ 'ശൈലനിസം' ഇവിടെ കരി, താടി
മിനുക്ക് വേഷങ്ങൾ എല്ലാം മാറിമാറി അണിയുന്നു.. മൗലി 'ഗദ' യേറ്റു
വായനക്കാരൻ വശം കെടുന്നു! (കവിത-സ്വന്തം ക്ലീഷേ )

വാക്കുടച്ചുവാർക്കലുകൾ മൂന്നാം പകുതിയിലും തുടരുന്നുണ്ടെങ്കിലും,
തികച്ചും അപ്രതീക്ഷിതമായി പുറകിൽ വന്നു കെട്ടിപ്പിടിച്ച് നമ്മെ
ചേർത്തു നിർത്തുന്നു ശൈലൻ. 'വയലൻസ്' എന്ന കവിത ഒരു കടൽ
തന്നെയാണ്. വിഷ്വലുകളുടെ സമൃദ്ധി. 'ബയോഡേറ്റ'- 'പ്രീപെയ്ഡ്' എന്നീ
കവിതകളെല്ലാം അതിജീവന സ്വഭാവം കാണിക്കുന്നു.

അതെ,
ശൈലന്റെ വാക്കു പാടങ്ങളിൽ സൂര്യകാന്തികൾക്കൊപ്പം കഞ്ചാവ്
ചെടികളും പൂത്തുലയുന്നുണ്ട്!

കാട്ടിലേക്കുള്ള ഒരു യാത്രയാണ്
ഈ പുസ്തകം. കുറ്റിച്ചെടികൾ മാത്രം നിറഞ്ഞ തുടക്കത്തിൽ

നിന്നുള്ളിലേക്ക് പോകുന്തോറും പച്ചപ്പു കനക്കുന്നു; വന്യശബ്ദങ്ങൾ കേട്ട്തുടങ്ങുന്നു.

വളവുകളിൽ പതിയിരിക്കുന്നത് അരുവി ആണോ ആനച്ചൂര് ആണോ എന്നു നമ്മൾ
അന്ധാളിക്കുന്നു. !

പുസ്തകം അടച്ചു വെക്കുമ്പോൾ , ശൈലന്റെ മലയാളം
മുൻഷിയെങ്ങാൻ ഈ പുസ്തകം വായിച്ചിട്ട് അദ്ദേഹത്തെ കണ്ടാലോ
എന്ന കാര്യമോർത്തു ചിരി പൊട്ടുകയും ചെയ്യുന്നു !

പ്രസാധകർ - ലോഗോസ്
വില - Rs.130/-